കേരള സർക്കാർ ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗം

ക്വട്ടേഷൻ പരസ്യം

നംപർ. ഡി.ബി. 22/എ.ഇ.ഇ./കോട്ടയം/2018-2019 തീയതി : 18-02-2019

കോട്ടയം ഹൈഡ്രോളജി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നത്.

ഈ ഓഫീസിന്റെ പരിധിയിൽപ്പെട്ട താഴെ പറയുന്ന ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും അളവുകളും കണക്കുകളും എടുക്കുവാനും അതിനായി കൊടുത്തിട്ടുള്ള രജിസ്റ്ററുകളിൽ കൃത്യമായി അളവുകൾ തൽക്ഷണം രേഖപ്പെടുത്തുവാനും തൽസംബന്ധമായ റിപ്പോർട്ടുകൾ മേലധികാരികളുടെ നിർദ്ദേശപ്രകാരം ഓഫീസിൽ എത്തിക്കുവാനും സ്റ്റേഷന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുവാനും ടി ആവശ്യങ്ങൾക്ക് തന്നിട്ടുള്ള ഉപകരണങ്ങൾ കൈപ്പറ്റി രസീത് കൊടുത്ത് കേടുവരാതെ സൂക്ഷിച്ച് കരാർ കാലാവധിക്കു ശേഷം ചാർജ് ഓഫീസറെ തിരിച്ചേൽപ്പിക്കുവാനും കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള പ്രവൃത്തികൾക്ക് 2019 ഏപ്രിൽ മാസം 1-ാം തീയതി മുതൽ കോട്ടയം ഹൈഡ്രോളജി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും അറിയിപ്പുണ്ടാകുന്നതുവരെയോ അല്ലെങ്കിൽ പരമാവധി 2020 മാർച്ച് മാസം 31 വരെയുള്ള നിശ്ചിത കാലയളവിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**CGO സ്റ്റേഷനുകൾ**

1. തീക്കോയി (റെയിൻഗേജ്)
2. പേരൂർ (റിവർഗേജ്)
3. പാലാ "
4. കാലാംപൂർ "
5. മൂവാറ്റുപുഴ "
6. തൊടുപുഴ "
7. കാലടി "
8. മാർത്താണ്ഡവർമ്മ "
9. മംഗലപ്പുഴ "
10. മണിമല "
11. തീക്കോയി "
12. ഭൂതത്താൻകെട്ട് (റെമ്പറേച്ചർഗേജ്)
13. കാലടി "
14. നീലിമംഗലം (സീസണൽ റിവർഗേജ്) (ജൂൺ മുതൽ നവംബർ വരെ)
15. നാഗമ്പടം "
16. തിരുവാർപ്പ് "
17. കോടിമത "
18. കരിമ്പിൻകാലാകടവ് "
19. പാറയിൽകടവ് "
20. കുമരകം "

**NHP സ്റ്റേഷനുകൾ**

1. കോട്ടയം മലങ്കര ക്വാർട്ടേഴ്സ് (എ.ആർ.ജി /എസ്.ആർ.ജി)
2. മറയൂർ (എ.ആർ.ജി)
3. ആലുവ (എ.ആർ.ജി /എസ്.ആർ.ജി)
4. നെടുംങ്കണ്ടം (എ.ആർ.ജി)
5. ഈരാറ്റുപേട്ട (എ.ആർ.ജി)
6. വെള്ളൂർ എൽ.പി.എസ്, പാമ്പാടി (എസ്.ആർ.ജി)
7. പിറവം "
8. വണ്ണപ്പുറം "
9. കീരാംപാറ "
10. ഭൂതത്താൻകെട്ട് "
11. നേര്യമംഗലം "
12. മുണ്ടക്കയം റസ്റ്റ് ഹൗസ് "
13. ബോയിസ് എസ്റ്റേറ്റ് "
14. കുമളി "
15. ചിന്നാർ എസ്റ്റേറ്റ് "
16. വണ്ടൻമേട് "
17. കാഞ്ഞിരപ്പള്ളി (എഫ്.സി.എസ്സ്. സ്റ്റേഷൻ)
18. പൈനാവ് "
19. മുണ്ടക്കയം (എ.ഡബ്ല്യൂ.എൽ.ആർ സ്റ്റേഷൻ) സഹായികൾ രണ്ടുപേർ
20. കക്കടശ്ശേരി (എ.ഡബ്ല്യൂ.എൽ.ആർ സ്റ്റേഷൻ) സഹായികൾ രണ്ടുപേർ
21. ചേരിപ്പാട് (റിവർഗേജ് സ്റ്റേഷൻ) സഹായികൾ രണ്ടുപേർ

22. ഭൂതത്താൻകെട്ട് (ഡി.ഡബ്ല്യൂ.എൽ.ആർ)
23. മലങ്കര (ഡി.ഡബ്ല്യൂ.എൽ.ആർ)
24. ആനക്കൽപ്പെട്ടി (റിവർഗേജ് ഫ്ളോട്ട് രീതി)
25. കൂളമാവ് (എ.ഡബ്ല്യൂ.എസ്/എസ്.ആർ.ജി)

മേൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് പു ഴയിൽ സ്ഥാപിച്ചിട്ടുള്ള ഗേജുകൾക്കും മഴ അളക്കുവാൻ സ്ഥാപിച്ചിട്ടുള്ള സാധാരണ ഗേജുകൾക്കും ഫുൾ ക്ലൈമാറ്റിക് സ്റ്റേഷനുകൾക്കും ഓട്ടോമാറ്റിക് ഗേജുകൾക്കും പ്രത്യേകം പ്രത്യേകം ചെയ്യേണ്ട പ്രവൃത്തികൾക്ക് പ്രതിമാസം എത്ര രൂപ നിരക്കിൽ ചെയ്യാമെന്ന് അക്കത്തിലും അക്ഷരത്തിലും എഴുതി പോസ്റ്റൽ അഡ്രസ്സും ചേർത്ത് നിശ്ചിതഫോറത്തിൽ ക്വട്ടേഷൻ തരേണ്ടതാണ്. നിശ്ചിത ഫാറങ്ങൾ കോട്ടയം ഹൈഡ്രോളജി ഓഫീസിൽ നിന്നും 28-02-2019 മുതൽ 02-03-2019 വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും സൗജന്യമായി അപേക്ഷകർക്ക് ലഭിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജനന തീയതി, തിരിച്ചറിയൽ കാർഡിന്റെ കോപ്പി എന്നിവ ക്വട്ടേഷനിൽ ചേർക്കണ്ടതാണ്. പ്രവൃത്തി ചെയ്യുന്നതിനുള്ള വേതനം സർക്കാരിൽ നിന്നും അനുവദിച്ചു തരുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ട് വഴി തരുന്നതാണ്.

ഉപകരണങ്ങൾ നഷ്ടപ്പെടുത്തിയാൽ അതിന്റെ വില ക്വട്ടേഷണറിൽ നിന്നും ഈടാക്കുന്നതാണ്. ഒബ്സർവർ റീഡിംഗ് എടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് അരമണിക്കൂർ മുൻപ് സ്ഥലത്ത് വരേണ്ടതും കൃത്യസമയത്ത് റീഡിംഗ് എടുത്ത് രേഖപ്പെടുത്തേണ്ടതും ആകുന്നു. പുഴയിൽ സ്ഥാപിച്ചിരിക്കുന്ന ഗേജുകളുടെ അളവുകൾ കാലത്ത് എട്ടു മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 4 ::ണിക്കും മഴയുടെ അളവ് കാലത്ത് 8.30 നും രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഉപകരണങ്ങൾ കേടായി അളവുകൾ ലഭ്യമല്ലാത്ത കാലയളവിൽ വേതനം നൽകുന്നതല്ല.

സീൽ വെച്ച ക്വട്ടേഷനുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഹൈഡ്രോളജി സബ് ഡിവിഷൻ, മുട്ടമ്പലം പി.ഓ. കോട്ടയം എന്ന വിലാസത്തിൽ 2019 മാർച്ച് മാസം 5-ാം തീയതി ഉച്ചയ്ക്ക് 2 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 2.30-ന് തുറക്കുന്നതും ആണ്. രേഖപ്പെടുത്തിയ തുകയോടൊപ്പം ക്വട്ടേഷണറുടെ മുൻപരിചയം വിദ്യാഭ്യാസയോഗ്യത എന്നിവ കൂടി കണക്കിലെടുത്താവും തെരഞ്ഞെടുപ്പ് നടത്തുക.

ഉയർന്ന അധികാരികളിൽ നിന്നും ക്വട്ടേഷനുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കും. തെരഞ്ഞെടുക്കപ്പെട്ട ആൾ 200 രൂപ മുദ്രപത്രത്തിൽ ഈ ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന ഉടമ്പടികൾക്ക് വിധേയമായി കരാർപത്രം രണ്ട് സാക്ഷികൾക്ക് മുമ്പാകെ ഒപ്പിട്ടുതരേണ്ടതും സ്റ്റേഷന്റെയും ഉപകരണങ്ങളുടെയും ചാർജുകൾ അതാത് അസിസ്റ്റന്റ് എഞ്ചിനിയർമാരിൽ നിന്നും സ്വീകരിക്കേണ്ടതുമാകുന്നു. കരാർ ഉടമ്പടികൾക്ക് വിപരീതമായി കൃത്യസമയത്ത് ജോലിക്ക് ഹാജരാകാതിരിക്കുകയോ ജോലി ചെയ്യാതിരിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷണറെ പിരിച്ചുവിടുന്നതും വേറെ ആളെ നിശ്ചയിക്കുന്നതുമാണ്. ഈ ജോലി നിശ്ചയിച്ച കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ മാത്രം നിശ്ചയിക്കുന്നതും സർക്കാരിൽ നിന്നും നിലവിലുള്ള മറ്റ് വ്യവസ്ഥകളോ മറ്റാനുകൂല്യങ്ങൾ ഒന്നും തന്നെയോ ഇതിന് ബാധകമല്ലാത്തതുമാകുന്നു.

കേരള ഗവർണർക്ക് വേണ്ടി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
ഹൈഡ്രോളജി സബ് ഡിവിഷൻ,
മുട്ടമ്പലം പി.ഓ. കോട്ടയം - 4

OFFICE OF THE ASSISTANT EXECUTIVE ENGINEER
HYDROLOGY SUBDIVISION
KOTTAYAM
IRRIGATION DEPT.